# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6692 01.11.2011 ൽ മറുപടിക്ക്

## വിദ്യാർത്ഥികളിൽ ട്രാഫിക് അവബോധം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി കെ. കെ. ലതിക | | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
| (എ) ട്രാഫിക് നിയമങ്ങളെക്കുറിച്ച് വിദ്യാർത്ഥികളിൽ ബോധവൽക്കരണം നടത്തുന്നതിന് മോട്ടോർ വാഹന വകുപ്പിൽ പദ്ധതികളുണ്ടോ;എങ്കിൽ എന്തെല്ലാം;<br><br>ബി) ആയത് നടപ്പാക്കുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (എ & ബി) | പദ്ധതികളുണ്ട്. ട്രാഫിക് നിയമങ്ങളെക്കുറിച്ച് വിദ്യാർത്ഥികളിൽ ബോധവൽക്കരണം നടത്തുന്നതിനായി റോഡു സുരക്ഷയുമായി ബന്ധപ്പെട്ട പാഠഭാഗങ്ങൾ ചില ക്ലാസ്സുകളിലെ പാഠ്യ പദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ട്. മറ്റു ക്ലാസ്സുകളിലും ഇത് പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. കൂടാതെ, തെരഞ്ഞെടുത്ത സ്കൂളുകളിൽ, റോഡ് സുരക്ഷാ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടു കൂടി പരിശീലന പരിപാടികളും നടപ്പിലാക്കി വരുന്നു. ഇതിലേയ്ക്കായി ബുക്ക്‌ലെറ്റുകൾ , പാംഫ്‌ലെറ്റുകൾ , മറ്റു ലഘുലേഖകൾ എന്നിവ തയ്യാറാക്കി വിതരണം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ